**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4244** **09-08-2021 - ൽ മറുപടിയ്ക്ക്**

**നിയമന നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ എന്നീ തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദേശീയതലത്തിലുള്ള NSQF അധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ നിലവിൽ വന്നതിനാൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ സ്ഥിര നിയമനങ്ങൾ നിർത്തലാക്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത തസ്തികകളിൽ പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എന്ന് അറിയിക്കാമോ; നല്കിയിട്ടില്ലായെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലേക്ക് പി.എസ്.സി നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ആർക്കും തന്നെ നിയമന ഉത്തരവ് നൽകാത്ത സാഹചര്യം ഇല്ല. |
| (സി) | പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടില്ല എങ്കിൽ അത് എന്നത്തേക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ; | (സി) | ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലേക്ക് പി.എസ്.സി നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ആർക്കും തന്നെ നിയമന ഉത്തരവ് നൽകാത്ത സാഹചര്യം ഇല്ല. |
| (ഡി) | 14.06.2018-ലെ 155/എസ്.സി.3/2018/പൊ .വി.വ നമ്പർ കത്തിലൂടെ നൽകിയിരിക്കുന്ന പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന നിരോധന നിർദ്ദേശം, നിയമനം സംബന്ധിച്ച ഒരു സർക്കാർ തീരുമാനം ആ തീരുമാന തീയതിയ്ക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ ബാധകമാക്കാവൂ എന്ന പൊതു ചട്ടത്തിന്റെ ലംഘനം അല്ലേയെന്ന് പരിശോധിച്ച് വ്യക്തമാക്കാമോ; | (ഡി) | സർക്കാർ നിർദ്ദേശം വന്ന തീയതി മുതൽ നിലവിൽ വരുന്ന ഒഴിവുകളിലേക്ക് മാത്രമേ ബാധകമാവൂ എന്ന് പ്രത്യേകം പരാമർശിച്ചിട്ടില്ല. |
| (ഇ) | എൻ.എസ്.ക്യു.എഫ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ, ടീച്ചർ തസ്തികകളിൽ നിലവിലെ ആകെ അനുവദനീയ തസ്തികകളുടെ | (ഇ) | NSQF പദ്ധതി നടപ്പിലാക്കിയപ്പോൾ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ എന്നീ തസ്തികകളിലെ എണ്ണം സംബന്ധിച്ച് പുനക്രമീകരണം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | എണ്ണത്തിൽ കുറവുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ